റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 1-1-1977-ന് മുമ്പ് വനഭൂമി കൈവശക്കാരായവർക്ക് പട്ടയം നൽകാനുള്ള തീരുമാനം എടുത്തപ്പോൾ പത്ത് യൂണിറ്റ് ഇടുക്കി ജില്ലയിലും രണ്ട് യൂണിറ്റ് തൃശ്ശൂർ ജില്ലയിലും ആരംഭിക്കാനും പുതിയതായി ആവശ്യമായ സ്റ്റാഫിനെ കൊടുക്കാനും തീരുമാനിച്ചു. 29-ഓളം ജീവനക്കാർ ഓരോ യൂണിറ്റിലും വരും. നിലവിൽ ചാലക്കുടി, തൃശ്ശൂർ എന്നീ രണ്ട് യൂണിറ്റുകളാണ് ഉണ്ടായിരുന്നത്. രണ്ട് യൂണിറ്റുകളാണ് നമ്മൾ പ്രഖ്യാപിച്ചിട്ടുള്ളത്. ചാലക്കുടി-പീച്ചി റേഞ്ചിൽപ്പെട്ട ഗുണഭോക്താക്കളാണ് ചാലക്കുടി യൂണിറ്റിൽ കൂടുതലും. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം. എൽ. എ. ഇവിടെ പറഞ്ഞത് വസ്തുതയാണ്. 2977 കൈവശക്കാരുണ്ട്. അവർക്ക് 1183 ഹെക്ടർ വനഭൂമി പതിച്ച് നൽകേണ്ടതുണ്ട്. അതുകൊണ്ട് പീച്ചി റേഞ്ചുമായി ബന്ധപ്പെട്ട ഈ പ്രദേശങ്ങളിലെ കൃഷിക്കാർക്കുകൂടി സൗകര്യപ്രദമായ സ്ഥലം എന്നുള്ള നിലയിലും എല്ലാപേർക്കും വന്നുപോകാൻ സൗകര്യപ്രദമായ സ്ഥലം എന്ന നിലയിലും ചാലക്കുടി യൂണിറ്റ് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അതിന് ആവശ്യമായ നിർദ്ദേശം കൊടുക്കുകയും ഉടനെ തന്നെ ആ യൂണിറ്റ് അങ്ങോട്ട് മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(8) വർക്കലയിലെ പൊതുമരാമത്ത് പണികൾ നടപ്പാക്കുന്നതിലെ കാലതാമസം

ശ്രീ. എ. അലിഹസ്സൻ : സർ, വർക്കലയിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുള്ള പൊതുമരാമത്തു പണികൾ നടപ്പാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം ഒഴിവാക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതോടൊപ്പം ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. വർക്കല നിയോജകമണ്ഡലത്തിലെ എത്ര റോഡുകളുടെ അറ്റകുറ്റ പണികൾ ചെയ്തുവെന്നും അവ ഏതെല്ലാം ആണെന്നും ഓരോ ജോലിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത ജോലി ചെയ്ത് തീർക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോയെന്നും കാലതാമസം ഒഴിവാക്കി അടിയന്തിരമായി പണി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2-3-2000-ൽ ചോദിച്ച ഒരു ചോദ്യത്തിന് മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിക്കാറില്ല എന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി നൽകിയിരിക്കുന്ന മറുപടി. ഇത് വളരെ ഖേദകരമാണ്. ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിപ്രധാനമായ പല പണികൾക്കും വർക്കലയിൽ അനുമതി ലഭിച്ചിട്ടുണ്ട്. പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ചില പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പത്തു നാല്പതു വർഷക്കാലത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായി വർക്കലയിൽ റയിൽവേ അണ്ടർ ബ്രിഡ്ജിന്റെ പണി ആറ് കോടിയോളം രൂപ ചെലവു ചെയ്ത് നിർമ്മിക്കാൻ അംഗീകാരം ലഭിച്ച് പൂർത്തിയായി വരികയാണ്. സംസ്ഥാന ഗവൺമെന്റാണ് ഫണ്ടിന്റെ മേജർ പോർഷനും കൊടുക്കുന്നത്. പക്ഷേ, ഈ ജോലി പൂർത്തിയായാലും അവിടെയുള്ള അപ്രോച്ച്

LIBRARY ARCHIVES Kerala Legislative Assembly

റോഡിന്റെ പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. 2 കോടി 18 ലക്ഷം രൂപ ചെലവുവരുന്നുണ്ട്. അതിന് സ്പെഷ്യൽ സാംഗ്ഷൻ കൊടുത്തു. ടെണ്ടർ നൽകി. കരാറുകാരൻ ഏറ്റെടുത്തു. അതേസമയം ലാൻഡ് അക്വിസിഷൻ നടപടി പൂർത്തിയാക്കി ഭൂമി കൈമാറ്റം ചെയ്തിട്ടില്ല എന്നുള്ള കാരണം പറഞ്ഞാണ് ജോലി ആരംഭിക്കാത്തത്. ഈ ജോലി ഉടൻ ആരംഭിക്കണം. ഇടിഞ്ഞുവീഴാൻ പോകുന്ന രണ്ട് പാലങ്ങളുണ്ട്. നടയറ പാലവും അയിരൂർ പാലവും ഇവയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു കരാർ കൊടുത്തു. പക്ഷേ, പണി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊന്നുള്ളത് വർക്കല-കല്ലമ്പലം, വർക്കല-പാരിപ്പള്ളി, വർക്കല-കാപ്പിൽ, വടശ്ശേരിക്കോണം-പാലാങ്കോണം, ദളവാപുരം-ആറ്റിങ്ങൽ, അയിരൂർ-ഊന്നിൻമൂട് എന്നീ പി.ഡബ്ലിയു.ഡി. റോഡുകളുടെ അറ്റകുറ്റ പണികൾ ചെയ്യാൻ ടെണ്ടർ ചെയ്ത് കരാറുകാർ പണി ഏറ്റെടുക്കുകയും ചെയ്തു. മെറ്റലും മറ്റുമിറക്കി മാസങ്ങൾ കഴിഞ്ഞിട്ടും ടാർ കിട്ടുന്നില്ല എന്നുള്ള ഒറ്റ കാരണം പറഞ്ഞ് ജോലികൾ ആരംഭിക്കുന്നില്ല. അതിനുപരി നരിക്കൽ-തെറ്റിക്കുളം-മുക്കുകട എന്ന അതിപ്രധാനമായ എം.എൽ.എ. റോഡിന്റെ പണി ടാർ കിട്ടാത്തതിന്റെ ഫലമായി ആരംഭിച്ചിട്ടില്ല. റവന്യൂ വകുപ്പിൽനിന്ന് വിദ്യാഭ്യാസ വകുപ്പിന് നൽകിയ 26 ½ സെന്റ് സ്ഥലത്ത് വിദ്യാഭ്യാസ ഉപജില്ലാ കെട്ടിടം നിർമ്മിക്കാൻ ടെണ്ടർ നൽകുകയും ചെയ്തു. കെട്ടിടത്തിന്റെ നിർമ്മാണത്തിന് കരാറുകാരൻ എഗ്രിമെന്റ് വച്ചുവെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും പണി ആരംഭിച്ചിട്ടില്ല. ഈ ജോലി അടിയന്തിരമായി ചെയ്തു തീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വർക്കല റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ പണി ടെണ്ടർ ചെയ്ത് കരാർ ഏല്പിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷന് ആവശ്യമായ ഫണ്ട് തഹസിൽദാരെ ഏല്പിച്ചുകഴിഞ്ഞു. സ്ഥലം ലഭിച്ചാൽ ഉടനെ പണികൾ തുടങ്ങുന്നതാണ്. നടയറ പാലത്തിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ടെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ 11.58 ലക്ഷം രൂപയേയുള്ളൂ. 103 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ്. എസ്റ്റിമേറ്റിന്റെ 20 ശതമാനം ഇല്ലാത്തതുകൊണ്ട് അടുത്ത നടപടി സ്വീകരിക്കാൻ നിവൃത്തിയില്ല. അയിരൂർ പാലത്തിന്റെ പണിക്ക് ഭരണാനുമതി നൽകിയത് 1984-ലാണ്. പുതിയ എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. വർക്കല-കല്ലമ്പലം റോഡിൽ ഏറ്റവും മോശമായ നാലര കിലോമീറ്റർ റീടാർ ചെയ്യാനുള്ള നടപടി എടുത്തുകഴിഞ്ഞു. മെറ്റൽ സപ്ലൈ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇടവ-കാപ്പിൽ റോഡിന്റെ റീടാറിംഗിന് ആവശ്യമായ മെറ്റൽ ഇറക്കിയിട്ടുണ്ട്. ആറ്റിങ്ങൽ-ദളവാപുരം റോഡിന്റെയും വർക്കല-പാരിപ്പള്ളി റോഡിന്റേയും അറ്റകുറ്റപ്പണികൾ ചെയ്തു തീർത്തിട്ടുണ്ട്. കൂടാതെ, നരിക്കൽ-കാറാത്തല റോഡിന്റെ പണിക്ക് ആവശ്യമായ മെറ്റൽ ഇറക്കിയിട്ടുണ്ട്. ടാർ ഇല്ലാത്തത് അവിടെ മാത്രമുള്ള പ്രശ്നമല്ല. ടാറിന് ഇൻഡ്യയിലാകെ ക്ഷാമമാണ്. മുമ്പ് ഉണ്ടായിരുന്ന നാലിലൊന്ന് ടാർ മാത്രമേ ഇപ്പോൾ പ്രൊഡക്ഷൻ ഉള്ളൂ. ടാറിന്റെ ദൗർലഭ്യം സംസ്ഥാനത്ത് മൊത്തത്തിൽ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ അറിയണം. അതുപോലെ വർക്കല ഉപവിദ്യാഭ്യാസ ജില്ലാ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഇതുവരെയും സ്ഥലം പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടില്ല. സ്ഥലം ഏല്പിച്ചാൽ ഉടനെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly